File Ref.No.AD(B).A4/Right to Service Act -Framing University Laws 2025

# COCHIN UNIVERSITY OF SCIENCE AND TECHNOLOGY

(Abstract)

കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 -ന്റെ പരിധിയിൽ പ്രത്യേക പൊതുസേവനങ്ങൾ ഉൾപ്പെടുത്തുന്നതും പ്രസിദ്ധീകരിക്കുന്നതും സംബന്ധിച്ച്.

---

**ADMIN B**

No.CUSAT/AD(B).A4/2311/2026 Dated,KOCHI-22,04.06.2026

---

Read:-1. 25.02.2015 തിയ്യതിയിലെ സർവകലാശാല ഉത്തരവ് നമ്പർ Ad.A1/KSRTS-2012/2013

2. 15.12.2021 തിയ്യതിയിലെ സർവകലാശാല ഉത്തരവ് നമ്പർ CUSAT/AD(A).A1/4543/2021

3. ഉന്നത വിദ്യാഭ്യാസ വകുപ്പ് ഗവ. പ്രിൻസിപ്പൽ സെക്രട്ടറിയുടെ 25.11.2025 തീയതിയിലെ K3/234/2025-HEDN നമ്പർ കത്ത് .

**ORDER**

സൂചന (1) സർവകലാശാല ഉത്തരവ് പ്രകാരം കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 സർവകലാശാലയിൽ നടപ്പിലാക്കുകയും, സർവകലാശാല നൽകുന്ന സേവനങ്ങൾ, അവയ്ക്കുള്ള സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ , ഒന്നാം അപ്പീൽ അധികാരി എന്നിവ അനുബന്ധമായി വിജ്ഞാപനം ചെയ്യുകയും ചെയ്തിരുന്നു. തുടർന്ന്, സർവകലാശാല നൽകുന്ന സേവനങ്ങൾ സൂചന (2) സർവകലാശാല ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുള്ളതുമാണ് .

സൂചന (3) ആയി പരാമർശിച്ചിരിക്കുന്ന കത്ത് പ്രകാരം , ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 2025 - ലെ പൊതുസേവനാവകാശ നിയമം വകുപ്പ് 5(6) പ്രകാരമുള്ള പ്രത്യേക പൊതുസേവനങ്ങൾ, നിശ്ചിത സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പിൽ അധികാരി എന്നിവയുമായി ബന്ധപ്പെട്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി സർവകലാശാലയ്ക്ക് നിർദേശം നൽകിയിരിക്കുന്നു.

ഈ സാഹചര്യത്തിൽ, അനുബന്ധമായി നൽകിയിരിക്കുന്ന 2025 - ലെ പൊതുസേവനാവകാശ നിയമം വകുപ്പ് 5(6) പ്രകാരമുള്ള പ്രത്യേക പൊതുസേവനങ്ങൾ കേരള സംസ്ഥാന സേവനാവകാശ നിയമം, 2025 -ന്റെ പരിധിയിൽ വിജ്ഞാപനം ചെയ്യുന്നതിനായി വൈസ്-ചാൻസലർ അനുമതി നൽകിയിരിക്കുന്നു.

തദനുസരണം ഉത്തരവാകുന്നു.

**Dr. Arun A U ***
**Registrar**

* This is a computer generated document. Hence no signature is required.

# കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല

| ക്രമ നമ്പർ | സേവനത്തിന്റെ പേര് | അപേക്ഷാ ഫോമിനൊപ്പം സമർപ്പിക്കേണ്ട രേഖകൾ | സമയപരിധി* | നിയുക്ത ഉദ്യോഗസ്ഥൻ | ഒന്നാം അപ്പീൽ അധികാരി | രണ്ടാം അപ്പീൽ അധികാരി |
|---|---|---|---|---|---|---|
| **ഭരണകാര്യാലയം** | | | | | | |
| **I** | **പരീക്ഷ വിഭാഗം** | | | | | |
| 1. | സ്റ്റൈപ്പൻഡിന് വേണ്ടിയുള്ള അപേക്ഷ | 1.അസൽ മെഡിക്കൽ സർട്ടിഫിക്കറ്റ്<br>2. വകുപ്പ് മേധാവിയുടെ/സ്ഥാപന മേധാവിയുടെ/പ്രിൻസിപ്പലിന്റെ ശുപാർശ. | 5 പ്രവൃത്തി ദിവസങ്ങൾ | ബന്ധപ്പെട്ട വിഭാഗത്തിലെ സെക്ഷൻ ഓഫീസർ | കൺട്രോളർ ഓഫ് എക്സാമിനേഷൻസ് | രജിസ്ട്രാർ |
| **II** | **അക്കാദമിക് വിഭാഗം** | | | | | |
| 1. | ഗവേഷണം-<br>ടോപ്പിക്ക് / ടൈറ്റിൽ മാറ്റ ഉത്തരവ് | ഡോക്ടറൽ കമ്മിറ്റിയുടെ ശുപാർശ | 7 പ്രവൃത്തി ദിവസങ്ങൾ | ബന്ധപ്പെട്ട വിഭാഗത്തിലെ സെക്ഷൻ ഓഫീസർ | ജോയിന്റ് രജിസ്ട്രാർ (അക്കാഡമിക്) | രജിസ്ട്രാർ |
| 2. | ഗവേഷണം-<br>ഗവേഷണ കേന്ദ്രം / മാർഗദർശിയുടെ മാറ്റ ഉത്തരവ് | 1. ഡോക്ടറൽ കമ്മിറ്റിയുടെ ശുപാർശ,<br>2. ഇരു കേന്ദ്രങ്ങളുടെയും മേധാവികളിൽ നിന്നുള്ള നിരാക്ഷേപക സർട്ടിഫിക്കറ്റ്,<br>3. നിർദ്ദേശിക്കപ്പെട്ട ഗവേഷണ മാർഗനിർദേശകന്റെ സന്നദ്ധതാപത്രം. | 7 പ്രവൃത്തി ദിവസങ്ങൾ | | | |

***ഓരോ സേവനവും തീർപ്പാക്കുന്നതിനായി നിർദ്ദേശിച്ചിരിക്കുന്ന സമയപരിധി, അപേക്ഷ/അഭ്യർത്ഥന എല്ലാ വിധത്തിലും പൂർണ്ണമായിരിക്കണമെന്നും അപേക്ഷ സമർപ്പിക്കുന്ന തീയതിയോടെ അപേക്ഷകൻ/അപേക്ഷക ആവശ്യമായ എല്ലാ നിബന്ധനകളും തൃപ്തികരമായി പൂർത്തീകരിച്ചിരിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായിരിക്കും.**